# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025-26

## ജി എച്ച് എസ്  നെടുവ

# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ സ്ഥാപനപരമായ സുപ്രധാന രേഖയാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ . ഒരു സ്ഥാപനത്തിലെ മുഴുവൻ കുട്ടികളുടെയും അക്കാദമിക വളർച്ചക്ക് വേണ്ടി തയ്യാറാക്കിയ സമഗ്രമായ ആസൂത്രണരേഖയാണ് ഇത് . ഓരോ കുട്ടിയുടെയും അറിവും കഴിവും അതത് പ്രായഘട്ടത്തിനനുസൃതമായി കരിക്കുലം വിഭാവനം ചെയ്ത പ്രകാരം ഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തിക്കുക, കുട്ടികളുടെ പൊതുവായതും ഓരോ കുട്ടിയുടെ സവിശേഷമായതുമായ കഴിവും പരിമിതിയും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികൾക്കും പഠന മുന്നേറ്റത്തിന് തുല്യമായ അവസരങ്ങൾ ഒരുക്കുക തുടങ്ങിയവയാണ് ഈ പ്ലാനിലൂടെ ലക്ഷ്യമിടുന്നത് .

കേരള വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കേരളം സംസ്ഥാന പൊതു വിദ്യാഭ്യാസവകുപ്പിന്റെ നിർദേശമനുസരിച്ച് നെടുവ ഗവണ്മെന്റ് ഹൈസ്കൂളിലെ അധ്യാപകർ തയ്യാറാക്കിയ അക്കാദമിക് മാസ്റ്റർ പ്ലാൻ

# ഉള്ളടക്കം


വിദ്യാലയ ചരിത്രം

അടിസ്ഥാനവിവരങ്ങൾ

നേട്ടങ്ങൾ

പരിമിതികൾ

പൊതു ലക്ഷ്യങ്ങൾ

അക്കാദമികപ്രവർത്തനങ്ങൾ

ഹൈസ്കൂൾ വിഭാഗം

ഉപസംഹാരം



## വിദ്യാലയ ചരിത്രം

പരപ്പനാട് നാട്ടുരാജ്യത്തിന്റെ സർവവിധ ഐശ്വര്യത്തോടുകൂടിയ നെടുവ ദേശത്ത് സംസ്കൃത പണ്ഡിതനായ വേലപ്പമേനോന്റെ മേൽനോട്ടത്തിൽ 1920 കളിൽ ആരംഭിച്ചതാണ് ഈ വിദ്യാലയം . ഷാരിക്കൽ ക്ഷേത്രത്തിനടുത്താണ് ഈ സ്കൂൾ ആദ്യം സ്ഥാപിക്കപ്പെട്ടത്. ഇന്ന് നാം വിഭാവനം ചെയ്യുന്ന ഗുണനിലവാരം അന്ന് തന്നെ ഈ വിദ്യാലയത്തിനുണ്ടായിരുന്നു . 1940 കളിൽ ഈ വിദ്യാലയം മലബാർ ഡിസ്ട്രിക്ട് ബോർഡ് ഏറ്റെടുത്തപ്പോൾ, ഇടക്കണ്ടത്തിൽ വീട്ടുകാർ നൽകിയ ഒരേക്കർ പതിനാലു സെന്റ് സ്ഥലത്തേക്ക് സ്കൂൾ മാറ്റി സ്ഥാപിച്ചു . റബേക്ക ടീച്ചർ, ലക്ഷ്മിക്കുട്ടി ടീച്ചർ, സരസ്വതി ടീച്ചർ, വേലായുധൻ മാസ്റ്റർ, രാമൻ മാസ്റ്റർ എ.കെ മാധവൻ മാസ്റ്റർ, 1965 ൽ അവാർഡ് നേടിയ കുംഭത്തിൽ മാധവൻ മാസ്റ്റർ തുടങ്ങിയ പ്രഗത്ഭരായ അധ്യാപകരുടെ സേവനം ഈ വിദ്യാലയത്തെ പുരോഗതിയിലേക്ക് നയിച്ചു.

1920 ൽ ആരംഭിച്ച് 1954 ൽ ഗ്രേഡ് ഉയർത്തിയ ഈ വിദ്യാലയം 2013-2014 ൽ RMSA ൽ ഉൾപ്പെടുത്തി ഹൈസ്കൂൾ ആയി അപ്ഗ്രേഡ് ചെയ്തു. പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിലെ ഏക ഗവണ്മെന്റ് ഹൈ സ്കൂൾ ആണ് ഇത് . കുട്ടികളിൽ അധികവും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന തീരദേശങ്ങളിൽ നിന്നും ഹരിജൻ കോളനിയിൽ നിന്നും വരുന്നവരാണ് . ഭൗതിക സാഹചര്യങ്ങളുടെ കാര്യത്തിൽ ഒട്ടേറെ പരിമിതികളുണ്ടെങ്കിലും അന്താരാഷ്ട്രനിലവാരത്തിലേക്ക് ഉയർത്താൻ തിരൂരങ്ങാടി മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്തിരിക്കുന്നത് ഈ വിദ്യാലയത്തെയാണ് എന്നുള്ളത് ഏറെ സന്തോഷം നൽകുന്നു .

# വിദ്യാലയത്തിന്റെ അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : ജി.എച്ച് .എസ് നെടുവ |
| വിലാസം | : നെടുവ<br>പരപ്പനങ്ങാടി |
| ഫോൺ | : 04942415088 |
| സ്റ്റാറ്റസ് | : ഗവൺമെന്റ് |
| സ്കൂൾ കോഡ് | : 19445 |
| വിദ്യാഭ്യാസ ജില്ല | : തിരൂരങ്ങാടി |
| ഉപജില്ല | : പരപ്പനങ്ങാടി |
| ബി ആർ സി | : പരപ്പനങ്ങാടി |
| സി ആർ സി | : ജി എൽ പി എസ് ,<br>പരപ്പനങ്ങാടി |
| മുൻസിപ്പാലിറ്റി | : പരപ്പനങ്ങാടി |
| ബ്ലോക്ക് പഞ്ചായത്ത് | :തിരൂരങ്ങാടി |
| പരപ്പനങ്ങാടി | : തിരൂരങ്ങാടി |
| വില്ലേജ് | : നെടുവ |
| താലൂക്ക് | : തിരൂരങ്ങാടി |
| ഇ-മെയിൽ | : ghsneduva@gmail.com |

# നേട്ടങ്ങൾ

മുൻകാലങ്ങളിൽ ധാരാളം നേട്ടങ്ങൾ ഈ വിദ്യാലയം കൈവരിച്ചിട്ടുണ്ട് . പ്രഗത്ഭരായ ഒട്ടേറെ വ്യക്തികൾ ഈ വിദ്യാലയത്തിലെ പൂർവ്വവിദ്യാർഥികളാണ്. ഡോ.എം ഗംഗാധരൻ, എം.ജി.എസ് നാരായണൻ, ഡോ.ഷംസാദ് ഹുസൈൻ, പ്രൊ.മുഹമ്മദലി എന്നിവർ അവരിൽ ചിലരാണ്. .

കഴിഞ്ഞ അക്കാദമിക വർഷം കായികരംഗത്തും കലാരംഗത്തും ഒട്ടേറെ നേട്ടങ്ങളുണ്ടായിട്ടുണ്ട്. ഹൈസ്കൂൾ വിഭാഗത്തിൽ ജില്ലയിൽ മിമിക്രി മൽസരത്തിൽ ദിൽരാജ് കെ ക്ക്, എ ഗ്രേഡ് ലഭിച്ചു, ദേശഭക്തിഗാനത്തിലും എ ഗ്രേഡ് ലഭിക്കുകയുണ്ടായി. മികച്ച ഗ്രേഡുകൾ നേടാൻ സാധിച്ചത് അധ്യാപകരുടെ പ്രവർത്തന മികവിന് തെളിവാണ്. 2024-25 വർഷം SSLC റിസൾട്ട് 100% ആണ്, 10 ഫുൾ A+ നേടി. വിജയഭേരി പ്രവർത്തനങ്ങളിലൂടെ അധ്യാപകർ നടത്തിയ ചിട്ടയായ പ്രവർത്തനങ്ങളിലൂടെയാണ് ഈ നേട്ടം കൈവരിക്കാനായത്.

2024-25 ൽ വിനായക് ടി, ഇൻസ്പയർ അവാർഡ് കരസ്ഥമാക്കിയത് മികച്ച നേട്ടമാണ്.

ടാറ്റാ കൺസൾട്ടൻസി നടത്തിയ ബിൽഡിംഗ് ഇന്ത്യ ഉപന്യാസ മൽസരത്തിൽ സംസ്ഥാനതലത്തിൽ റിതുനന്ദ പി ഫസ്റ്റ് റണ്ണറപ്പാവുകയും, ദേശീയതലത്തിലേക്ക് മൽസരിക്കാൻ യോഗ്യത നേടുകയും ചെയ്തതും മികച്ച നേട്ടമായിരുന്നു. .

## അക്കാദമികേതര പ്രവർത്തനങ്ങൾ




• കലാകളരി - കുട്ടികൾക്ക് ചിത്രകലാ, തിയേറ്റർ, ശിൽപ്പാ വിദ്യാ പാഠങ്ങൾ പഠിപ്പിക്കുന്നതിനും പരിശീലനം നൽകുന്നതിനായി ഒരു ആർട്ട് ലാബ് തുടങ്ങുന്നതിനുള്ള പ്രാരംഭപ്രവർത്തനങ്ങൾ കലാ ആധ്യാപകന്റെ നേതൃത്വത്തിൽ തുടങ്ങി വെച്ചിട്ടുണ്ട്.

• സ്റ്റുഡന്റ് റിസോഴ്സ് ഗ്രൂപ്പ് - സ്കൂളിലെ അക്കാദമികേതര പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി, വിവിധ മേഖലകളിൽ പ്രാവീണ്യം നേടിയ കുട്ടികളുടെ ഒരു ഗ്രൂപ്പ് ഈ വർഷം മുതൽ തുടങ്ങുന്നതിനായി തീരുമാനിച്ചിട്ടുണ്ട്

## പൊതു ലക്ഷ്യങ്ങൾ

സമഗ്രഗുണമേൻമ വിദ്യാഭ്യാസത്തിന്റെ ഭാഗമായി എല്ലാ കുട്ടികൾക്കുകം മിനിമം 30% മാർക്ക് ഉറപ്പു വരുത്തുന്നതിനാവശ്യമായ പിന്തുണാ ക്ലാസ്സുകൾ കൊടുത്ത് ഗുണ മേൻമയുള്ള വിദ്യാഭ്യാസം ഉറപ്പു വരുത്തുക.

•അക്കാദമികവും കലാപരവും കായികവും ആയ കഴിവുകൾ പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന, ദേശീയ, അന്തർ ദേശീയ തലത്തിൽ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക.

•മൂല്യബോധവും പ്രതികരണ ശേഷിയും ഉള്ള ഒരു തലമുറയെ വാർത്തെടുക്കുക.

•അന്ധവിശ്വാസവും അനാചാരവും തുടച്ചുമാറ്റി സമൂഹത്തെ പുരോഗതിയിലേക്ക് നയിക്കാൻ പര്യാപ്തമായ ശാസ്ത്രീയ മനോഭാവമുള്ള കുട്ടികളെ വാർത്തെടുക്കുക .

•ജനാധിപത്യത്തോടും ഭരണഘടനയോടും കൂറും ഉണർവുമുള്ള തലമുറയെ വാർത്തെടുക്കുക. തൊഴിൽ നൈപുണി വളർത്തുക.

മേഖല : അക്കാദമികം

ഉപമേഖല : ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ഇംഗ്ലീഷ് പഠനത്തിനോട് താല്പര്യമുണ്ടാക്കുക, ഇംഗ്ലീഷിൽ ആശയവിനിമയം നടത്താൻ ആത്മവിശ്വാസം ജനിപ്പിക്കുക | 1.English library visit<br>English corner<br>Story time<br>English Assembly | ജൂൺ - ഒക്ടോബർ | പി.ടി.എ, അധ്യാപകർ | 1000/- |
| 2. ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക | 2.Skit അവതരിപ്പിക്കുന്നതിനുള്ള സ്ക്രിപ്റ്റ് തയ്യാറാക്കൽ, ഇംഗ്ലീഷ് സിനിമ പ്രദർശനം റോൾ play presentation, English കവിത അവതരിപ്പിക്കൽ, കൊറിയോഗ്രാഫി. | അക്കാദമിക വർഷം | അധ്യാപകർ | 500/- |
| 3. സ്വതന്ത്ര വായനയ്ക്കും സ്വതന്ത്ര എഴുത്തിനും സജ്ജരാക്കുക | 3. English പത്രവായന<br>Word card, letter card പ്രദർശനം, ന്യൂസ് റിപ്പോർട്ട് തയ്യാറാക്കൽ, My diary അസംബ്ലിയിൽ ന്യൂസ് വായിക്കൽ, ന്യൂസ് Reading കോമ്പറ്റീഷൻ | ജൂൺ – ഒക്ടോബർ | അധ്യാപകർ | 500/- |
| 4. English recitation, Versification എന്നിവയ്ക്ക് പ്രാപ്തരാക്കുക | 4. Audio കേൾക്കാനുള്ള അവസരം നൽകുക, ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക<br>രചനകളുടെ പ്രദർശനം<br>Magazine നിർമ്മാണം | ഒക്ടോബർ - ഡിസംബർ | അധ്യാപകർ | 500/- |

| | | | | |
|---|---|---|---|---|
| 5. സാങ്കേതിക വിദ്യാനൈപുണ്യം ഇംഗ്ലീഷ് ഭാഷ പുരോഗതിക്ക് പ്രയോജനപ്പെടു-ത്തുക | 5. പ്രശസ്ത എഴുത്തുകാരും ആയുള്ള ഇന്റർവ്യൂ പ്രദർശിപ്പിക്കുന്നു, Film festival | അക്കാദമിക വർഷം | ഇംഗ്ലീഷ് ക്ലബ്ബ് | 500/- |
| 6. English drama, skit എന്നിവ ആസ്വദിച്ച് വിശകലനം ചെയ്യാൻ പ്രാപ്തരാക്കുക | 6.skit, puppet show എന്നിവ പാഠഭാഗങ്ങളിൽനിന്ന് രംഗങ്ങൾ കണ്ടെത്തി അവതരിപ്പിക്കുന്നു | ജനുവരി - ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകർ | 1000/- |
| 7. കുട്ടികളിലെ ഇംഗ്ലീഷ് vocabulary വർദ്ധിപ്പിക്കുക | 7.English tree(Word cards display ചെയ്യാൻ) ക്ലാസ്സിലെ/സ്കൂളിലെ വസ്തുക്കളിൽ പേരുകൾ ഇംഗ്ലീഷിൽ എഴുതി പതിക്കുന്നു | ജൂലൈ - ആഗസ്റ്റ് | ഇംഗ്ലീഷ് ക്ലബ്ബ് | 500/- |
| 8.English language കൂടുതൽ ജനകീയമാക്കുക | 8. English day observation | ജൂലൈ | ഇംഗ്ലീഷ് ക്ലബ്ബ് | 500/- |

പഠനമേഖല : അക്കാദമികം
ഉപമേഖല : സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1.കുട്ടികളിൽ പരിസ്തിതി അവബോധം സൃഷ്ടിക്കുക | 1.പരിസ്തിതി ദിനാചരണം,തൈകൾ വെച്ചുപിടിപ്പിക്കൽ,പ്ളാസ്റ്റിക് രഹിത കാമ്പസ് | ജൂൺ -മാർച്ച് | സാമൂഹ്യശാസ്ത്ര ക്ളബ്ബ് | 5000/- |
| 2.കുട്ടികളിൽ ചരിത്രാവബോധം വളർത്തുക | 2.ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളിലേക്കുള്ള ഫീൽഡ് ട്രിപ്പ് | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ, പി.ടി.എ | 50,000/- |
| 3.ജനാധിപത്യബോധം,പൗരബോധം, മൂല്യബോധം എന്നിവ വളർത്തുക | 3.സ്കൂൾ പാർലമെന്റ്,മോക് പാർലമെന്റ്, പൗരബോധം, സാമൂഹ്യസേവനം തുടങ്ങിയവയിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കൽ | തെരെടുത്ത ദിവസങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | 2000/- |
| 4.ഭൂപട വായന,സ്ഥലനിർണയം എന്നിവ പരിശീലിപ്പിക്കുക | 4.ഭൂമിശാസ്ത്രപരമായഅറിവ് വളർത്തുന്നതിന് അറ്റ്ലസ്,മാപ്പുകൾ,ഗ്ലോബ് എന്നിവ പരിചിതമാക്കി പ്രവർത്തനങ്ങൾ നടപ്പിലാക്കുക | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | 2000/- |
| 5.യുദ്ധ വിരുദ്ധ മനോഭാവം വളർത്തൽ | 5.യുദ്ധ വിരുദ്ധ റാലി,യുദ്ധ വിരുദ്ധ സന്ദേശം | ആഗസ്ത് | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | 1000/- |
| 6.കാലാവസ്ഥാമാറ്റങ്ങൾ,ആഗോളതാപനം എന്നിവയെക്കുറിച്ച് കുട്ടികളിൽ അവബോധം വളർത്തൽ | 6.കാലവർഷം, ഋതുക്കൾ, ആഗോള താപനം തുടങ്ങിയ വിഷയങ്ങളിൽ സെമിനാർ സംഘടിപ്പിക്കാം. ദിനാചരണങ്ങൾ | അക്കാദമിക വർഷത്തിലെ തിര ഞ്ഞെടുത്ത ദിവസങ്ങൾ | സാമുഹ്യ ശാസ്ത്ര അദ്ധ്യാപകർ | 1000/- |
| | 7.നാട്ടിലെ കിടപ്പു രോഗികളെ സന്ദർശിക്കൽ,സന്നദ്ധ | അക്കാദമിക വർഷത്തിലെ തിരഞ്ഞെടു | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | 5000/- |

| | | | | |
|---|---|---|---|---|
| 7.സമൂഹ സേവനത്തിന്റെ പ്രാധാന്യം തിരിച്ചറിയൽ | സംഘടനകളുടെ പ്രവർത്തനങ്ങൾ മനസ്സിലാക്കൽ | ത്ത ദിവസങ്ങളിൽ | | |

മേഖല : അക്കാദമികം
ഉപമേഖല : ഗണിതശാസ്ത്രം

ഗണിതത്തിലെ അടിസ്ഥാനശേഷി നേടാൻ ഗണിതത്തോട് താല്പര്യം വളർത്തിയെടുക്കൽ
കുട്ടികളിൽ യുക്തി ചിന്തയും ശാസ്ത്രീയ മനോഭാവം വളർത്തിയെടുക്കുക

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 01. ഗണിതത്തിലെ അടിസ്ഥാനശേഷി നേടാൻ | പ്രീ ടെസ്റ്റ്<br>പിന്തുണ പ്രവർത്തനങ്ങൾ | 2 മാസം | അധ്യാപകർ | 500 |
| 02.ഗണിതത്തോട് താല്പര്യം വളർത്തിയെടുക്കൽ കുട്ടികളിൽ യുക്തി ചിന്തയും ശാസ്ത്രീയ മനോഭാവം വളർത്തിയെടുക | ഗണിത ക്ലബ് രൂപീകരണം<br>ഗണിതമേള<br>ഗണിത ക്വിസ്<br>ചാർട്ട്നിർമ്മാണം<br>ജ്യോമട്രിക്കൽ ചാർട്ട്<br>ദിനാചരണങ്ങൾ<br>ഗണിത പതിപ്പ്<br>അതിഥി ക്ലാസ്സുകൾ | 1 വർഷം | അധ്യാപകർ | 25000 |
| 03.ഗണിത പഠനം സുഗമമാക്കൽ | ഗണിത ലാബ് സജ്ജമാക്കുക<br>ഉപകരണങ്ങൾ ലഭ്യമാക്കുക | 1 വർഷം | പി.ടി.എ | 50000 |

മേഖല : അക്കാദമികം
ഉപമേഖല : മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം, ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. | 1. അക്ഷരം, ചിഹ്നം ഉറപ്പിക്കൽ, പദ, വാക്യ നിർമ്മാണം<br>ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസുകൾ.<br>ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ. | ജൂൺ- ആഗസ്റ്റ് | മലയാളം അധ്യാപകർ | 1000/- |
| 2. എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക. | 2. ക്ലാസ് ലൈബ്രറി ഒരുക്കൽ , സ്കൂൾ ലൈബ്രറി നവീകരണം<br>വായനോത്സവം<br>ജന്മദിന പുസ്തകം | ജൂൺ മുതൽ ഓഗസ്റ്റ് വരെ. | എസ് ആർ ജി<br>വിദ്യാരംഗം കൺവീനർ<br>പി ടി എ. | 1000/- |
| 3. പത്രവായന പരിപോഷിപ്പിക്കുക. | 3.പത്രവായന<br>ഓരോ ക്ലാസിനും ഓരോ പത്രം | ജൂൺ മുതൽ മാർച്ച് വരെ | എസ്.ആർ.ജി<br>വിദ്യാരംഗം കണവീനർ<br>പി.ടി.എ | 500/- |
| 4. സർഗ്ഗ ശേഷി വികസനം | 4.വായനാനുഭവം പങ്കുവെക്കൽ<br>പുസ്തക ചർച്ച.<br>അമ്മമാർക്ക് ഒരു പുസ്തകം. | ജൂൺ മുതൽ മാർച്ച് വരെ. | മലയാളം അധ്യാപകർ | 1000/- |

മേഖല : അക്കാദമികം
ഉപമേഖല : അറബിക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1.കുട്ടികളിൽ വായന ശീലം പ്രോത്സാഹിപ്പിക്കുക, വളർത്തുക | 1.അറബിക് ലൈബ്രറി ശാക്തീകരണം<br>. ചെറിയ അറബി കഥകൾ,കവിതകൾ, തുടങ്ങിയ പുസ്തകങ്ങൾ ശേഖരിക്കുന്നു.<br>വായന കോർണർ സ്ഥാപിക്കുന്നു | ജൂൺ - സെപ്റ്റംബർ | അധ്യാപകർ | 5000/- |
| 2.അറബിക് എഴുത്തു വികസിപ്പിക്കുക | 2. ചിഹ്നങ്ങൾ പഠിക്കാനും മറ്റും ആയി അക്ഷരങ്ങൾക്ക് ഔട്ട് ലൈൻ നൽകി എഴുതാൻ പഠിപ്പിക്കുന്നു<br>.ഓരോ ക്ലാസുകളിലും കയ്യേഴുത് മാഗസിൻ നിർമ്മിക്കുന്നു<br>മികച്ച മാഗസിനുകൾക്ക് സമ്മാനം നൽകുന്നു | ജൂലൈ - മാർച്ച് | അധ്യാപകർ | 500/- |
| 3.ദിനചാരണങ്ങളെ കുറിച്ചുള്ള അവബോധം ഉണ്ടാക്കുക | 3.ഓരോ ദിനചാരങ്ങളും സംഘടിപ്പിക്കുന്നു.<br>. അറബിയിൽ അനുബന്ധ പോസ്റ്ററുകളും നിർമ്മിക്കുന്നു<br>.അസബ്ലികൾ സംഘടിപ്പിക്കുന്നു<br>. | ആഗസ്ത് - ഡിസംബർ | അധ്യാപകർ, അറബിക് ക്ലബ്ബ് | 500/- |
| 4. ആസ്വാദനം | 4.ഐ ടി സാധ്യതകൾ പ്രയോജനപ്പെടുത്തി കവിതകൾ,കഥകൾ, ഫിലിം പ്രദർശനങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുക<br><br>5.തനതായ അറബിക് ഭാഷ | ഒക്ടോബർ - നവംബർ | അധ്യാപകർ | 1000/- |

| | | | | |
|---|---|---|---|---|
| 5. അറബിക് ലാംഗ്വേജ് ക്ലബ് | കേൾക്കാനും അനുഭവിക്കാനും വീഡിയോ കാണാനും സൗകര്യങ്ങൾ ഒരുക്കുക | ജൂലൈ | അധ്യാപകർ | 1000/- |
| 6. അറബിക് ഫെസ്റ്റ് | 6.വിവിധ അറബിക് ഫെസ്റ്റുകൾ നടത്തി അറബിക് ഭാഷയെ പറ്റി കൂടുതൽ മനസ്സിലാക്കുന്നു. പോസ്റ്റർ പ്രദർശനം ഫിലിം പ്രദർശങ്ങൾ എന്നിവ സങ്കടിപ്പിക്കുന്നു . മാസ അവസാനങ്ങളിൽ ക്വിസ് മത്സരങ്ങൾ | സെപ്റ്റംബർ | അധ്യാപകർ, പി.ടി.എ | 10000/- |

മേഖല – അക്കാദമികം
ഉപമേഖല - ശാസ്ത്രം

| ക്രമ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ശാസ്ത്രകൗതുകം - വിദ്യാർത്ഥികളിൽ ശാസ്ത്രത്തോട് താർപ്പര്യം, നിരീക്ഷണ പാടവം എന്നിവ പരിപോഷിക്കുന്നു. | ലഘുപരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾക്ക് കാണിച്ചു കൊടുക്കാൻ അവസരം നൽകുന്നു. മോഡലുകൾ നിർമ്മിക്കാനാവശ്യമായ കാര്യങ്ങൾ പറഞ്ഞുകൊടുത്ത് കുട്ടികളെക്കൊണ്ട് മോഡൽ നിർമ്മിക്കുന്നു. പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ്, സ്റ്റുഡന്റ് റിസോഴ്സ് ഗ്രൂപ്പ്, സയൻസ് അധ്യാപകർ | 1000 |
| 2 | വേണം വൈവിധ്യം - പ്രാദേശിക ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കുന്നു. | ഫീൽഡ് ട്രിപ്പ്, പ്രകൃതി നടത്തം | അക്കാദമിക വർഷം | സ്റ്റുഡന്റ് റിസോഴ്സ് ഗ്രൂപ്പ്, സയൻസ് ക്ലബ്ബ് | 2000 |
| 3 | പരിസ്ഥിതി ദിനാചരണം | സ്കൂളിലെ മറ്റ് ക്ലബ്ബുകളുമായിച്ചേർന്ന് വൃക്ഷത്തൈ നടൽ, പരിസ്ഥിതിദിന ക്വിസ് | ജൂൺ ആദ്യവാരം | ഹരിത ക്ലബ്ബ് സയൻസ് ക്ലബ്ബ്, സ്റ്റുഡന്റ് റിസോഴ്സ് ഗ്രൂപ്പ്, JRC | 1000 |
| 4 | ലഹരിക്കെതിരെ ജാഗ്രത | ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് ബോധവൽക്കരണ ക്ലാസ്സും ലഹരി വിരുദ്ധ പോസ്റ്റർ പ്രദർശനവും | ജൂൺ അവസാന വാരം | സയൻസ് ക്ലബ്ബ്, ജാഗ്രതാ സമിതി JRC | 1500 |

| | | | | | |
|---|---|---|---|---|---|
| 5 | മാനത്തെ തോണിയിൽ | ടെലിസ്കോപ്പ് നിർമ്മാണം, ചാന്ദ്രദിന ക്വിസ്,പോസ്റ്റർ നിർമ്മാണം, ക്ലാസ്സ് തല പതിപ്പ് നിർമ്മാണം, വീഡിയോ പ്രദർശനം | ആഗസ്ത് ആദ്യവാരം | സയൻസ് ക്ലബ്ബ്, സ്റ്റുഡന്റ് റിസോഴ്സ് ഗ്രൂപ്പ്, | 3000 |
| 6 | ക്വാണ്ടം സെഞ്ച്വറി | ക്ലാസ്സുകൾ, ക്വാണ്ടം സിദ്ധാന്തവുമായി ബന്ധപ്പെട്ട ശാസ്ത്രജ്ഞരെ പരിചയപ്പെടുത്തുന്നു. | സെപ്റ്റംബർ | സയൻസ് ക്ലബ്ബ്, സ്റ്റുഡന്റ് റിസോഴ്സ് ഗ്രൂപ്പ്, | NIL |
| 7 | ശാസ്ത്രപതിപ്പ് | ഭൗതികശാസ്ത്രം, രസതന്ത്രം, ജീവശാസ്ത്ര പാഠപുസ്തകത്തിലെ ശാസ്ത്രജ്ഞർ - പ്രത്യേക പതിപ്പ് നിർമ്മാണം | നവമ്പർ മാസം | സയൻസ് ക്ലബ്ബ് | NIL |
| 8 | ശാസ്ത്ര അഭിരുചി ക്ലാസ്സ് | ക്ലാസ്സ് മുറികളിലും സ്കൂൾ തലത്തിലും നടക്കുന്ന ശാസ്ത്ര പരിപാടികളിൽ പങ്കെടുക്കാൻ താല്പര്യം കാണിക്കുന്നതും ശാസ്ത്ര മനോഭാവമുള്ളതുമായ കുട്ടികളെ കണ്ടെത്തുകയും ശാസ്ത്രമേളക്ക് വേണ്ടി തയ്യാറാക്കുകയും ചെയ്യുന്നു. | ജൂൺ മുതൽ ഒക്റ്റോബർ വരെ | സയൻസ് അധ്യാപകർ | 2000 |
| 9 | സി വി രാമൻ ദിനം | ഉപന്യാസ മൽസരം | നവമ്പർ മാസം | സയൻസ് ക്ലബ്ബ് | 500 |
| 10 | ശാസ്ത്രബോധം തൊഴിലിലൂടെ | LED വർക്ക്ഷോപ്പ് LED ബൾവുകൾ നിർമ്മിക്കുന്നതും റിപ്പയ്യർ ചെയ്യുന്നതും സംബന്ധിച്ച പരിശീലനം | സെപ്റ്റംബർ | സയൻസ് ക്ലബ്ബ് | 4000 |

| | | | | | |
|---|---|---|---|---|---|
| | | സംഘടിപ്പിക്കുന്നു. | | | |
| 11 | ശാസ്ത്രദിനം | ശാസ്ത്രദിനവുമായി ബന്ധപ്പെട്ട ഡോക്യുമെന്ററി ഓരോ ക്ലാസ്സിലും പ്രദർശിപ്പിക്കുന്നു. | ജനുവരി മുതൽ ഫെബ്രുവരി വരെ | സയൻസ് അധ്യാപകർ | 500 |

# GHS NEDUVA

## 2025-26

# SMART STEPS



## Academic Innovation Frame work.

# ആമുഖം

UP ക്ലാസുകളിലെ പരിഷ്കരിച്ച പാഠ്യ-
പദ്ധതി ഫലപ്രദമായി കുട്ടികളിലേക്കെ-
ത്തിക്കുവാനും ഉയർന്ന ഗുണനിലവാരമുള്ള
വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനുമായി
പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക
എന്നതാണ് അക്കാദമിക മാസ്റ്റർ പ്ലാൻ പ്രധാന-
മായും ലക്ഷ്യം വയ്ക്കുന്നത്. അതോടൊപ്പം
കുട്ടികളിൽ അടിസ്ഥാനപരമായി വേണ്ട
ഭാഷാ നൈപുണികൾ, സംഖ്യാബോധം,
ചതുഷ്ക്രിയകളെ സംബന്ധിച്ച ധാരണകൾ
ശാസ്ത്രം, സാമൂഹ്യശാസ്ത്രം എന്നിവയിൽ
അറിഞ്ഞിരിക്കേണ്ട ഏറ്റവും അടിസ്ഥാനപരമായ
കഴിവുകൾ എന്നിങ്ങനെ ഏറ്റവും പ്രധാനപ്പെട്ട
ശേഷികൾ കുട്ടികളിലേക്കെത്തിക്കാനുള്ള
തീവ്രയത്നം ഓരോ ക്ലാസിലും നടപ്പിലാക്കാനും
ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സഹായിക്കുന്നു.

# നേട്ടങ്ങൾ

- LSS, USS പരീക്ഷകളിൽ മികച്ച വിജയം കരസ്ഥമാക്കി.
- കലാമേളകളിൽ പങ്കെടുത്ത എല്ലാവർക്കും പുരസ്കാരങ്ങൾ ലഭിച്ചു.
- ശാസ്ത്രമേളകളിലും മികവ് തെളിയിക്കാൻ സാധിച്ചു.
- കായികമേളകളിൽ GHS നെടുവയിലെ കുട്ടികൾ സജീവസാന്നിധ്യം അറിയിച്ചു.
- വിവിധ ദിനാചരണങ്ങൾ, പ്രവേശനോത്സവം വാർഷിക ദിനം തുടങ്ങിയവ സമുചിതമായി ആഘോഷിച്ചു.
- പഠനത്തിൽ പിന്നോക്കാവസ്ഥയിലായിരുന്ന കുട്ടികളെ 'വിജയസ്പർശം' പദ്ധതിയിലൂടെ മുന്നോട്ട് കൊണ്ട് വരാൻ സാധിച്ചു.
- കുട്ടികൾക്കായി football tournament സംഘടിപ്പിച്ചു.
- Taekwondo വിവിധ തലങ്ങളിലുള്ള മെഡലുകൾ കുട്ടികൾ കരസ്ഥമാക്കി.

# ACADEMIC CALENDER

| മാസം | |
|---|---|
| ജൂൺ | • പരിസ്ഥിതിദിനം – ക്വിസ് പതിപ്പ് നിർമ്മാണം പോസ്റ്റർ, വൃക്ഷത്തൈ നടൽ.<br>• വായനദിനം – സാഹിത്യ ക്വിസ്, പതിപ്പ്, പുസ്തകമേള. |
| ജൂലൈ | • ലോക ജന്തുജന്യരോഗദിനം – ബോധവൽക്കരണ ക്ലാസ്.<br>• ബഷീർദിനം – പോസ്റ്റർ, കഥാപാത്രങ്ങൾ. |
| ആഗസ്റ്റ് | • ഹിരോഷിമദിനം – സംവാദം, പോസ്റ്റർ<br>• സ്വാതന്ത്ര്യദിനം – ക്വിസ്, പ്രസംഗം, ഉപന്യാസ രചന. |
| സെപ്റ്റംബർ | • ആശംസ കാർഡ് നിർമാണം.<br>• പതിപ്പ് |
| ഒക്ടോബർ | • ഗാന്ധിജയന്തി – സേവന പ്രവർത്തനങ്ങൾ, നിർമാണ പ്രവർത്തനങ്ങൾ. |
| നവംബർ | • കേരളപ്പിറവി – കവിതാലാപനം, കേരള ചരിത്രം, ക്വിസ്, കൊളാഷ് നിർമാണം. |
| ഡിസംബർ | • എയ്ഡ്സ് ദിനം – വീഡിയോ പ്രദർശനം<br>• രാമാനുജൻ ദിനം – ഗണിത പ്രവർത്തനങ്ങൾ |
| ജനുവരി | • വായനക്കുറിപ്പ് – പതിപ്പ്, മികച്ചത് കണ്ടെത്തൽ. പത്രവാർത്ത. |
| ഫെബ്രുവരി | • ശാസ്ത്രദിനം – ശാസ്ത്രജ്ഞരെ തിരിച്ചറിയൽ, ഫോട്ടോ പ്രദർശനം.<br>• മാതൃഭാഷാദിനം – ഉപന്യാസരചന. |
| | |

# UP SECTION

മേഖല : മലയാളം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദ സമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | • ഭാഷാകേളി : അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു.<br>• അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടേയും വാക്യങ്ങളുടേയും നിർമ്മാണം. | 3 മാസം | അധ്യാപകർ PTA | |
| • പഠിതാവിൽ അർഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുന്നു. | • പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ വായിക്കുകയും ആശയം മനസിലാക്കുകയും ചെയ്യുന്നു. | | | |

| | | | | |
|---|---|---|---|---|
| | • വാർത്ത വായന<br>• സാഹിത്യ ശിൽപശാല<br>• വിവിധ സാഹിത്യകൃതികൾ വായിച്ച് കുറിപ്പ് തയ്യാറാക്കുന്നു.<br>• വായനാനുഭവം പങ്കുവയ്ക്കൽ.<br>• ദിനാചരണം<br>• വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനങ്ങൾ<br>• സാഹിത്യകാരൻമാരുമായുള്ള അഭിമുഖം. | 3 മാസം | അധ്യാപകർ<br>മലയാളം ക്ലബ്<br>വിദ്യാരംഗം<br>PTA. | |

| | | | | |
|---|---|---|---|---|
| • സദസിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക. | • പ്രസംഗ പരിശീലന കളരി<br>• മികച്ച പ്രാസംഗികരുടെ ഓഡിയോ/വീഡിയോ കേൾപ്പിക്കുന്നു.<br>• വിവിധ വിഷയങ്ങളെക്കുറിച്ച് പ്രസംഗം തയ്യാറാക്കുന്നു.<br>• പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുന്നു. | 5 മാസം | അധ്യാപകർ<br>ട്രെയിനർ<br>PTA | |

Area : Accademic　　　　Sub Area : English.

| AIM | ACTIVITIES | DURATION | DUTY | FINANCE |
|---|---|---|---|---|
| • Read and write without mistakes | • Reading Cards<br>• Reading Competition<br>• Reading of library books and make short notes.<br>• English news.<br>• Word web<br>• Letter, Diary writing<br>• Description, Conversation, Poster making<br>• Add more lines. | 6 months | Teachers<br>PTA | |
| • To speak English fluently. | • Informal speech in English<br>• Simple Conversations. | | | |

| AIM | ACTIVITIES | DURATION | DUTY | FINANCE |
| --- | --- | --- | --- | --- |
| | • English News Reading<br>• Story telling<br>• Book review | 2 months | Teachers<br>PTA | |
| • To increase confidence in English language. | • English Day<br>• English Assembly<br>• Role play<br>• English Camp. | 2 months | Teachers<br>PTA | |

2025-2026

# UP- BASIC SCIENCE

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| (1) സയന്റിഫിക് ടെംപർ അന്വേഷണ ത്വര, ജിജ്ഞാസ, വിമർശനാത്മക ചിന്ത എന്നിവ വളർത്തിയെടുക്കുക. | മോഡൽ നിർമ്മാണം: പാഠഭാഗവുമായി ബന്ധപ്പെട്ട വിവിധ മോഡലുകൾ നിർമ്മിക്കാനുള്ള അവസരങ്ങൾ നൽകുന്നു. ലഘു പരീക്ഷണങ്ങൾ നടത്താനുള്ള അവസരം നൽകുന്നു. ഇതിന്റെ ഭാഗമായി | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ സയൻസ് ക്ലബ്ബ് | പി.ടി.എ |
| (2) ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങളിലൂടെ ശാസ്ത്ര അവബോധം സൃഷ്ടിക്കൽ. | പ്ലാനറ്റോറിയം സന്ദർശനം ദിനാചരണങ്ങൾ:- ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ എസ്.ആർ.ജി യിൽ രൂപപ്പെടുത്തി നിശ്ചിത ദിവസങ്ങളിൽ സംഘടിപ്പിക്കുക. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ എസ്.ആർ.ജി | സയൻസ് ക്ലബ്ബ് |
| (3) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും | തോട്ട നിർമ്മാണം:- ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, മറ്റു ചെടികൾ വളർത്തൽ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | പി.ടി.എ |

| | | | | |
|---|---|---|---|---|
| ശാസ്ത്രത്തെ തിരിച്ചറിയൽ | → വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ<br>→ കാവുകൾ സന്ദർശിക്കൽ | | | |
| (4) ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | സയൻസ് ക്ലബ്ബ് |
| (5) ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ, ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക | ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്ന പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരൻമാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | |

| | | | | |
|---|---|---|---|---|
| (6) തൊഴിൽ നൈപുണിയും സ്വാശ്രയത്വവും വളർത്തുന്നതിന് മാനവികതയിൽ ഊന്നിയുള്ള ശാസ്ത്ര ബോധം | ക്രിയേറ്റീവ് കോർണർ ചഡ്തിൽ തുടങ്ങാം<br>സയൻസ് ലാബ്, ഐടി ലാബ് എന്നിവ ആധുനികവത്ക്കരിക്കണം. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ<br>സയൻസ് ക്ലബ്ബ്<br>ഗണിത ക്ലബ്ബ്<br>സോഷ്യൽ ക്ലബ്ബ് | എസ്.എസ്.കെ |

# മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) കുട്ടികളിൽ ചരിത്രബോധം വളർത്തിയെടുക്കൽ | പഴയകാല ഉപകരണങ്ങൾ ശേഖരിക്കൽ. പുരാവസ്തു പ്രദർശനം. | ജൂൺ, ജൂലായ്, ആഗസ്റ്റ്, സെപ്റ്റംബർ. | SS ക്ലബ്, SS അധ്യാപകർ, PTA. | |
| 2) സഹജീവികളോട് സ്നേഹം വളർത്തിയെടുക്കൽ | പ്രകൃതിദുരന്തങ്ങൾക്കിരയാവുന്നവർക്ക് സഹായം നൽകുകയും പാരിസ്ഥിതിക പ്രശ്നങ്ങൾ നേരിടുന്ന പ്രദേശങ്ങളെക്കുറിച്ച് റിപ്പോർട്ട് തയ്യാറാക്കൽ (കണ്ടൽ വനങ്ങൾ, കാടുകൾ, കാവുകൾ, ജലാശയങ്ങൾ മുതലായവ. | അക്കാദമികവർഷം | SS അധ്യാപകർ. | |
| 3) വിവരസാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തൽ | ബോധവൽക്കരണ പ്രവർത്തനങ്ങൾക്കും പാഠഭാഗവുമായി ബന്ധപ്പെടുത്തിയും ICT സാധ്യത പ്രയോജനപ്പെടുത്തൽ. ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളിലേയ്ക്ക് വിർച്വൽ ട്രിപ്പുകൾ സംഘടിപ്പിക്കൽ | പഠനകാലം | SS അധ്യാപകർ. | |
| 4) ജനാധിപത്യബോധവും പൗരബോധവും വളർത്തുക. | വിവിധ തെരഞ്ഞെടുപ്പ് ഘട്ടങ്ങൾ, ഡിജിറ്റൽ പോളിങ്ങ് നടത്തൽ. പാർലമെന്റ് രൂപീകരണം | വർഷത്തിൽ ഒരിക്കൽ | SS ക്ലബ്, SS അധ്യാപകർ. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) സാമൂഹ്യശാസ്ത്രപഠനം രസകരമാക്കൽ. | വിദ്യാലയത്തിൽ പ്രത്യേകമായൊരു മുറിയിൽ സാമൂഹ്യശാസ്ത്ര ലാബ് ക്രമീകരിക്കൽ. | ഒരു തവണ. | SS ക്ലബ് SS അദ്ധ്യാപകർ പി.ടി.എ. | |
| 6) പ്രത്യക്ഷ അനുഭവത്തിലൂടെ പാഠ്യവസ്തുക്കൾ ഗ്രഹിക്കാനുള്ള അവസരമൊരുക്കൽ | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കൽ. | ഒന്നോ, രണ്ടോ തവണ | SS അദ്ധ്യാപകർ പി.ടി.എ മറ്റ് അദ്ധ്യാപകർ. | |
| 7) സമകാലികവിഷയങ്ങളിൽ സംവാദം സംഘടിപ്പിക്കൽ. | ദിനാചരണങ്ങളുടെ ഭാഗമായും മറ്റും സമകാലികവിഷയങ്ങളുമായി ബന്ധപ്പെടുത്തി പാനൽ ചർച്ച, സെമിനാർ തുടങ്ങിയവ സംഘടിപ്പിക്കൽ | അക്കാദമിക്വർഷം | SS ക്ലബ് SS അദ്ധ്യാപകർ. | |

2025-2026

# UP-MATHS

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| (1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | ഗണിത ശിൽപശാല :- കളിരീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. | ജൂൺ - ജൂലൈ | ഗണിത അധ്യാപകർ |
| (2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും. | ഒറിഗാമി ശിൽപശാല :- ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. പ്രദർശനം സംഘടിപ്പിക്കുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ |
| (3) ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കുന്നു. | ഗണിതഗ്രാമം :- ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ ഒരുക്കുകയും ചെയ്യുന്നു. | വർഷത്തിൽ 3 തവണ | ഗണിത അധ്യാപകർ ക്ലബ് ഭാരവാഹികൾ |

| | | | |
|---|---|---|---|
| (4) ഗണിത മേഖലയിൽ കുട്ടികളുടെ താൽവര്യം വർദ്ധിപ്പിക്കൽ | ഐടി സാധ്യതകളിലൂടെ :- ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്കോണുകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | വർഷത്തിൽ 4 തവണ | ഗണിത അധ്യാപകർ |
| (5) വിവിധ ശേഷികളുടെ വികസനം | ദിനാചരണം :- ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG |

# എൽ.പി.വിഭാഗം

മേഖല - അക്കാദമികം

ഉപമേഖല - ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് | • Pretest<br>• അക്ഷരം ഉറപ്പിക്കൽ<br>• അടയാളം ഉറപ്പിക്കൽ<br>• അക്ഷര കാർഡ് നൽകൽ<br>• വാക്കുകൾ എഴുതിയ കാർഡ്<br>• വാക്കുകൾ നിർമ്മിക്കുക.<br>• വാക്യങ്ങൾ നിർമ്മിക്കുക.<br>• ചിത്രം- അടിക്കുറിപ്പ്<br>• ചിത്രം- കഥ പറയൽ<br>• ചിത്രം- കഥ എഴുതൽ<br>• കഥ - ബാക്കി പറയൽ, എഴുതൽ<br>• ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്. | 6 മാസം | അധ്യാപകർ PTA | PTA fund |
| കുട്ടികളെ വായനയിലേക്ക് നയിക്കുന്നു. | • ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>• വായനമൂല, ക്ലാസ് ലൈബ്രറി രൂപീകരിക്കൽ<br>• വായനോത്സവം സംഘടിപ്പിക്കൽ<br>• ലൈബ്രറി പുസ്തക വായന<br>• പത്രവാർത്ത വായന<br>• വായനക്കുറിപ്പ് തയ്യാറാക്കൽ<br>• ഓരോ ദിവസവും ഒരു മണിക്കൂർ വായനക്കായി മാറ്റിവെക്കുന്നു.<br>• വായനാനുഭവം പങ്കുവെക്കൽ. | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സഭാകമ്പം ഒഴിവാക്കുക | • ബാലസഭ രൂപീകരണം | | | |
| വ്യക്തിത്വ വികാസനം | • പൊതുവേദികളിൽ സംസാരിക്കാനുള്ള അവസരം നൽകൽ<br>• ക്ലാസിലെ ചെറിയകാര്യങ്ങളിൽ ഉത്തരവാദിത്തം നൽകുന്നു.<br>• സമ്മാനം നൽകുന്നു. | | | |
| സർഗാത്മകതയെ തട്ടിയുണർത്താൻ | • രചനാശില്പശാല, കഥ, കവിത രചനകൾക്കുള്ള വേദിയൊരുക്കൽ | ഡിസംബർ-ജനുവരി | അധ്യാപകർ ക്ലബ്ബുകൾ പ്രമുഖ വ്യക്തികൾ | PTA ഫണ്ട് |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ എഴുത്തിലൂടെ പ്രകടിപ്പിക്കൽ. | വർഷം മുഴുവൻ | അധ്യാപകർ | NIL |
| ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ പ്രദർശനം | പഠനോത്സവം<br>• സർഗോത്സവം – കുട്ടികളുടെ സർഗശേഷികളുടെ പ്രദർശനം<br>• കലാവതരണം | വർഷത്തിലൊന്ന് | SRG CPTA HM | PTA ഫണ്ട് |

മേഖല - അക്കാദമികം | ഉപമേഖല - ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതപഠനം ഉല്ലാസപ്രദവും കൗതുകകരവുമാക്കുക. മുഴുവൻ കുട്ടികൾക്കും ഗണിതശേഷികൾ ഉറപ്പാക്കുക | • മൂർത്ത വസ്തുക്കൾ (ഈർക്കിൽ, മഞ്ചാടി, മുത്ത്) ഉപയോഗിച്ച് എണ്ണൽ, കെട്ടുകളാക്കൽ, കൂട്ടങ്ങളാക്കൽ. <br> • വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ - നടപ്പാക്കൽ. (ഏണിയും പാമ്പും, ധനസ്ഥളി, കച്ചവടക്കളി...) | | | |
| 1000 വരെ സംഖ്യാബോധം, സങ്കലനം, വ്യവകലനം, ഗുണനം | • അബാക്കസ്, സ്ഥാനവില പോക്കറ്റ്, കളിനോട്ടുകൾ, സംഖ്യാ റിബ്ബൺ എന്നിവ ഉപയോഗിച്ച് സ്ഥാനവില ഉറപ്പിക്കൽ <br> • സങ്കലനം, മൂർത്തവസ്തുക്കൾ ഉപയോഗിച്ച് പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ. <br> • എടുത്തുമാറ്റാം <br> • സംഖ്യാചക്രം <br> • മുത്ത് കോർക്കൽ <br> • സംഖ്യാകാർഡ് കളി <br> • ഗണിതകിറ്റ് ഉപയോഗപ്പെടുത്തൽ | സ്കൂൾ വർഷം | അധ്യാപകർ, പിടിഎ | |

മേഖല - അക്കാദമികം    ഉപമേഖല - പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിരീക്ഷണം-അറിവ് നിർമ്മാണം | · പ്രകൃതിനടത്തം<br>· പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM CPTA അധ്യാപകർ | PTA ഫണ്ട് |
| ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | · ശാസ്ത്രമൂല<br>· ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ. | വർഷം മുഴുവൻ | HM, SRG അധ്യാപകർ | PTA ഫണ്ട് |
| ശാസ്ത്രപഠനത്തിൽ താൽപര്യം ജനിപ്പിക്കൽ, അന്വേഷണത്വര വളർത്തൽ | . ശാസ്ത്രയാത്ര<br>പ്ലാനറ്റോറിയം, ഹെർബൽ ഗാർഡൻ, സയൻസ് പാർക്ക്, ശാസ്ത്ര, മെഡിക്കൽ പ്രദർശനങ്ങൾ ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM SRG അധ്യാപകർ | PTA ഫണ്ട് |
| ശാസ്ത്രപഠനം രസകരമാക്കൽ | . ശാസ്ത്ര വിസ്മയ ചുമർ<br>ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ. | | | |
| ശാസ്ത്രോത്സവം-ശാസ്ത്രപഠ | ശാസ്ത്രോത്സവം | വർഷത്തിലൊരിക്കൽ | HM SRG രക്ഷിതാക്കൾ | PTA ഫണ്ട് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| നത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | • പഠന ഉൽപന്നങ്ങളുടെ പ്രദർശനം (പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം) | | | |
| പ്രകൃതി സംരക്ഷണം | • മഴക്കുഴി നിർമ്മാണം<br>• വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിതകർമ്മസേനക്ക് കൈമാറൽ | | | |
| സ്കൂളിൽ ഒരു പച്ചക്കറിത്തോട്ടം ഒരുക്കൽ, ജൈവവൈവിധ്യ പാർക്ക് ഒരുക്കൽ | • അനുയോജ്യമായ സ്ഥലം കണ്ടെത്തൽ<br>• ചുമതല വിഭജിക്കൽ<br>• ആവശ്യമായ സാമഗ്രികൾ ശേഖരിക്കൽ<br>• ജലലഭ്യത ഉറപ്പുവരുത്തൽ<br>• സ്ഥലം സജ്ജമാക്കൽ | | | |

Area - Academic

English

| Aim | Activities | Duration | Charge | Finance |
|---|---|---|---|---|
| To speak read and write English without any mistake. | • Pretest<br>To check the vocabulary and writing skills of the pupils.<br>• Listening skills<br>Games, Actionsongs, Skit, drama, conversation, story telling<br>• Speaking skills<br>Identify the naming words from the picture.<br>• Make simple sentences using actionwords and naming words.<br>• Picture reading, Self introduction.<br>• Reading Skills<br>News paper reading, Library book reading, find words, rhyming words Describing words, Text book activities.<br>• Writing skills<br>• Making word web<br>• Short picture description<br>word chain, Sentence chain, Make simple sentences, Make riddles add more lines, conversation. | 1 year | Teachers PTA | 3000 |
| | • English Assembly | once in a week | Teacher Students | NIL |

| Aim | Activities | Duration | charge | Finance |
|---|---|---|---|---|
| | English fest | once in a year | Teachers<br>SRG<br>SMC | PTA fund |

# ഉപസംഹാരം

പരിഷ്കരിച്ച പാഠ്യപദ്ധതി ഫലപ്രദമായി വിനിമയം നടത്തി വിദ്യാലയത്തെ കൂടുതൽ മികവുറ്റതാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സഹായിക്കും. ഉയർന്നുവരുന്ന അക്കാദമിക ആവശ്യങ്ങളുടെ അടിസ്ഥാനത്തിൽ ഇത് നവീകരിക്കും. ഈ അക്കാദമിക മാസ്റ്റർ പ്ലാൻ അതിന്റെ ലക്ഷ്യം കൈവരിക്കുമെന്ന് തന്നെ പ്രതീക്ഷിക്കുന്നു.